**കവർസ്റ്റോറി**

**നാസ്വിഹ്**

# വ്രതവിശുദ്ധിയുടെ പെരുന്നാൾ

**റമദാൻ** വിടപറയുന്നതോടെ വിശ്വാസികൾ ഈദുൽ ഫിത്വ്റിനെ വരവേൽക്കുകയായി. തുടർന്ന് എങ്ങും അല്ലാഹുവിന്റെ മഹത്വം പ്രകീർത്തിച്ചുകൊണ്ടുള്ള തക്ബീറുകൾ മുഴങ്ങുന്നു. വിശ്വാസികളുടെ ആത്മാവിലും മനസ്സിലും ആഹ്ലാദവും ആനന്ദവും നിറയുന്നു. റമദാന്റെ വിശുദ്ധമായ രാപ്പകലുകളെ പ്രയോജനപ്പെടുത്തിയവർ ഈദ് ദിനത്തിൽ അനുഭവിക്കുന്ന ആനന്ദം അതിരില്ലാത്തതാണ്. അല്ലാഹു കനിഞ്ഞേകിയ അവസരം ഉപയോഗപ്പെടുത്താൻ സാധിച്ചതിൽ അവർ നന്ദിപ്രകടിപ്പിക്കുകയും അവനെ വാഴ്ത്തുകയും ചെയ്യുന്നു. ഒരു മാസത്തെ നോമ്പിലൂടെ നേടിയ വിശുദ്ധിയോടെ വിശ്വാസികളൊന്നടങ്കം പെരുന്നാൾ നമസ്കാരത്തിന് പുറപ്പെടുകയും പ്രപഞ്ചനാഥനെ നമിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്നു. പാപമുക്തരായി നിർമലമായ മനസ്സും ശരീരവുമായി മടങ്ങുന്ന അവരുടെ ഉള്ളിൽ പുതിയൊരു ജീവിതത്തിനായുള്ള പ്രതിജ്ഞയും പ്രാർഥനയുമാണ് നിറയുന്നത്. ഭക്തിയും ആനന്ദവും മേളിക്കുന്ന സവിശേഷാനുഭൂതിയാണ് പെരുന്നാൾ വിശ്വാസികൾക്ക് സമ്മാനിക്കുന്നത്.

ഓരോ ജനവിഭാഗത്തിനും അവരുടേതായ ആഘോഷങ്ങളും ഉത്സവങ്ങളുമുണ്ട്. അതത് സമൂഹത്തിന്റെ വിശ്വാസവും ആദർശവും ആചാരങ്ങളും ചരിത്രവുമെല്ലാമാണ് അവയിൽ പ്രതിഫലിക്കാറ്. പലപ്പോഴും സമുദായത്തിന്റെ ചരിത്രത്തിലെ സുപ്രധാന സംഭവങ്ങളോ സമുദായ സ്ഥാപകന്റെ ജനനമോ ആണ് ആഘോഷ വിഷയമാകാറ്. പുതുവർഷപ്പിറവിയും വസന്താഗമനവും കൃഷിയുടെ ആരംഭവും വിളവെടുപ്പുമെല്ലാം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉത്സവങ്ങളായി ആഘോഷിക്കപ്പെടാറുണ്ട്.

ഇസ്‌ലാമിലെ ആഘോഷങ്ങളായ ഈദുൽ ഫിത്വ്റും ഈദുൽ അദ്ഹായും ഇത്തരം ആഘോഷങ്ങളിൽനിന്ന് വേറിട്ടുനിൽക്കുന്നു. അവ ഏതെങ്കിലും ഋതുക്കളിൽ പരിമിതമല്ല. എല്ലാ ഋതുക്കളിലും രണ്ടു പെരുന്നാളും മാറിമാറി വരുന്നു. സുപ്രധാനമായ രണ്ട് ആരാധനകളോടനുബന്ധിച്ചാണ് അവ ആഘോഷിക്കപ്പെടുന്നത്. റമദാൻ നോമ്പിനുശേഷം ഈദുൽ ഫിത്വ്റും ഹജ്ജിനോടനുബന്ധിച്ച് ഈദുൽ അദ്ഹായും. ആഘോഷത്തിനായുള്ള കേവല ആഘോഷങ്ങളല്ല അവ. മഹത്തായ ആശയങ്ങളും സന്ദേശങ്ങളും അവയിലടങ്ങിയിട്ടുണ്ട്.

വ്രതവിരാമപ്പെരുന്നാളായ ഈദുൽ ഫിത്വ്റിൽ നാം എന്താണ് ആഘോഷിക്കുന്നത്? റമദാൻ എന്ന മഹത്തായ അനുഗ്രഹത്തിനുള്ള നന്ദിയാണ് ഈ പെരുന്നാളിന്റെ ആഘോഷതലങ്ങളിലൊന്ന്. അല്ലാഹുവോട് കൂടുതൽ അടുക്കാനും പാപഭാരങ്ങളിൽനിന്ന് മുക്തമാവാനുമുള്ള അസുലഭാവസരമാണ് റമദാൻ. ദൈവിക കാരുണ്യത്തിന്റെയും ദയാവായ്പിന്റെയും തെളിഞ്ഞ അടയാളം. ഈ മഹത്തായ അനുഗ്രഹം ലഭിച്ചതിലും അത് ഉപയോഗപ്പെടുത്താൻ സാധിച്ചതിലുമുള്ള വിശ്വാസികളുടെ ആഹ്ലാദാനുഭൂതികളാണ് ഈദുൽ ഫിത്വ്റിലൂടെ ആഘോഷിക്കുന്നത്. ഖുർആനിലൂടെ ലഭിച്ച ദൈവിക സന്മാർഗത്തിനുള്ള നന്ദിയും ഈദുൽ ഫിത്വ്റിലടങ്ങിയിട്ടുണ്ട്. ഖുർആനിക സന്മാർഗം വിശ്വാസികൾക്ക് സന്തോഷദായകമായ ദൈവാനുഗ്രഹവും കാരുണ്യവുമാണ്: "ജനങ്ങളേ, നിങ്ങളുടെ റബ്ബിങ്കൽനിന്നുള്ള ഉപദേശം സമാഗതമായിക്കഴിഞ്ഞു. അത് മനസ്സിലുള്ള രോഗങ്ങൾക്ക് ശമനമാണ്. അത് സ്വീകരിക്കുന്നവർക്ക് സന്മാർഗദർശകവും അനുഗ്രഹവുമാകുന്നു. പ്രവാചകരേ പറയുക: അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവും കൊണ്ടാണ് അവൻ ഇത് അയച്ചുതന്നത്. അതിനെച്ചൊല്ലി ജനം സന്തോഷിക്കേണ്ടതാകുന്നു. അത് ജനം ശേഖരിച്ചുകൊണ്ടിരിക്കുന്ന സകല വസ്തുക്കളേക്കാളും ഉത്കൃഷ്ടമായതാകുന്നു" (*യൂനുസ്* 57,58).

ഈദുൽ ഫിത്വ്ർ ഒരു വിജയാഘോഷമാണ്. ആസക്തികൾക്കും ജഡികേച്ഛകൾക്കും മേൽ നേടിയ വിജയത്തിന്റെ ആഘോഷം. വിശപ്പും ദാഹവും കാമവും നിയന്ത്രണവിധേയമാക്കാനും ദൈവിക നിർദേശങ്ങൾക്ക് അവയേക്കാൾ സ്ഥാനം നൽകാനുമുള്ള ഒരു മാസത്തെ പരിശീലനത്തിന്റെ വിജയകരമായ പരിസമാപ്തിയാണ് പെരുന്നാൾ. ജന്തുസഹജമായ വാസനകളിൽനിന്ന് മനുഷ്യത്വത്തിന്റെ ഉന്നത വിതാനത്തിലേക്കുള്ള ഉയർച്ചയാണ് നോമ്പിലൂടെ സാധ്യമാകുന്നത്. വിശപ്പും ദാഹവുമുണ്ടായിരിക്കെ, മുന്നിലിരിക്കുന്ന ആഹാരവും ദാഹജലവും വേണ്ടെന്നുവെക്കാൻ മൃഗങ്ങൾക്കു കഴിയില്ല. മനുഷ്യർക്കു മാത്രമേ അത് സാധിക്കൂ. മഹത്തായ ലക്ഷ്യങ്ങൾക്കു വേണ്ടി ത്യാഗമനുഷ്ഠിക്കാനുള്ള ഈ പരിശീലനം വിജയകരമായി പൂർത്തിയാക്കിയതിന്റെ ആഹ്ലാദം വിശ്വാസികൾ പെരുന്നാളിലൂടെ പങ്കുവെക്കുന്നു. വന്നുപോയ തെറ്റുകളും പാപങ്ങളും കഴുകിക്കളഞ്ഞ് റമദാനിലൂടെ ജീവിതം സംശുദ്ധമാക്കിയതിന്റെ ആനന്ദം കൂടിയാണത്. റമദാനിൽ വ്യക്തിയും സമൂഹവും പാടെ മാറുന്നു. തിന്മയിൽനിന്ന് നന്മയിലേക്കും ദുർവൃത്തിയിൽനിന്ന് വിശുദ്ധിയിലേക്കുമുള്ള പരിവർത്തനമാണത്. നടപ്പുരീതികളിൽനിന്ന് നന്മയുടെ പുതുശീലങ്ങളിലേക്കുള്ള മാറ്റം സാധ്യമാണെന്ന തിരിച്ചറിവ് നൽകുന്നുണ്ട് റമദാന്റെ പൂർത്തീകരണം.

അല്ലാഹുവിന്റെ കൽപന അനുസരിച്ചുകൊണ്ടാണ് വിശ്വാസികൾ റമദാന്റെ പകൽവേളകളിൽ ഭക്ഷണപാനീയങ്ങൾ ഉപേക്ഷിച്ചത്. അവന്റെ കൽപന മാനിച്ചുകൊണ്ടുതന്നെ അവർ ഈദ് ദിനത്തിൽ തിന്നുകയും കുടിക്കുകയും നോമ്പ് ഉപേക്ഷിക്കുകയും ചെയ്യുന്നു. വിശപ്പ് അനുഭവിക്കുന്നതോ വയറു നിറക്കുന്നതോ അല്ല; അത് എന്തിനുവേണ്ടി എന്നതാണ് പ്രധാനം. അല്ലാഹുവിനെ മുൻനിർത്തിയാകുന്നതോടെ രണ്ടും പ്രതിഫലാർഹമായ പുണ്യകർമങ്ങളാകുന്നു. ജീവിതത്തിലെ തീറ്റയും കുടിയും തൊട്ടിങ്ങോട്ടുള്ള എല്ലാ കാര്യങ്ങളുടെയും നിയന്ത്രണാധികാരം അല്ലാഹുവിനാണെന്നാണ്

വിശ്വാസികൾ ഇതിലൂടെ പ്രഖ്യാപിക്കുന്നത്. ഈദ് ദിനത്തിലുടനീളം ഉള്ളറിഞ്ഞ് തക്ബീർ മുഴക്കുന്ന വിശ്വാസികളിൽ ഈ വികാരമാണ് നിറഞ്ഞുനിൽക്കുക. മാനവരാശിക്ക് ലഭിച്ച ദൈവികസന്മാർഗത്തിനുള്ള നന്ദിപ്രകടനം കൂടിയാണ് തക്ബീർ. “നിങ്ങൾക്ക് നോമ്പിന്റെ എണ്ണം തികക്കാൻ സാധിക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗം നൽകി ആദരിച്ചതിന്റെ പേരിൽ നിങ്ങൾ അവന്റെ മഹത്വം അംഗീകരിച്ചു പ്രകീർത്തിക്കുന്നതിനും അവനോട് കൃതജ്ഞതയുള്ളവരായിരിക്കുന്നതിനും വേണ്ടിയത്രെ അവൻ ഈ രീതി നിർദേശിച്ചുതന്നത്” (*അൽബഖറ* 185).

വ്യക്തിതലത്തിൽ ഒതുങ്ങിനിൽക്കുന്ന വെറുമൊരു ആത്മീയാനുഭവമല്ല പെരുന്നാൾ. സാമൂഹികതയുടെയും കൂട്ടായ്മയുടെയും ആഘോഷമാണത്. ലോകത്തുടനീളമുള്ള മുസ്‌ലിംകൾ മുഴുവൻ അത് ആഘോഷിക്കുന്നു. പുതുവസ്ത്രങ്ങൾ അണിഞ്ഞും പെരുന്നാൾ നമസ്കാരത്തിൽ കൂട്ടത്തോടെ പങ്കെടുത്തും വിശിഷ്ട ഭക്ഷ്യവിഭവങ്ങളൊരുക്കിയും ആശംസകളും സമ്മാനങ്ങളും കൈമാറിയും എല്ലാവരും ആഘോഷത്തിൽ പങ്കുചേരുന്നു. പെരുന്നാളിന്റെ സാമൂഹിക പ്രാധാന്യത്തെക്കുറിച്ച് പ്രമുഖ ഇസ്‌ലാമിക ചിന്തകരിലൊരാളായ ഡോ. മുസ്ത്വഫ സ്സിബാഈ എഴുതി: വളരെയധികം പ്രയോജനപ്രദമായ ഒരു സാമൂഹികപാഠമാണ് പെരുന്നാൾ നമുക്ക് നൽകുന്നത്. മറ്റുള്ളവരുമായി പങ്കുവെക്കാത്ത സ്വകാര്യ സന്തോഷത്തേക്കാൾ പൊതുസന്തോഷമാണ് മനസ്സിൽ ആഴത്തിൽ സ്വാധീനിക്കുക എന്നതാണത്. പെരുന്നാളിൽ ദുഃഖിതരുടെയും രോഗികളുടെയും ദുരിതബാധിതരുടെയുമെല്ലാം മനസ്സിൽ സന്തോഷമുളവാകുന്നു. അത് അവരുടെ മനസ്സിൽ നിന്ന് ഉത്ഭവിക്കുന്ന സന്തോഷമല്ല. സമൂഹത്തിൽനിന്നും ചുറ്റുവട്ടത്തുനിന്നുമാണ് അത് അവർക്ക് ലഭിക്കുന്നത്. കൂട്ടായ സന്തോഷം വ്യക്തിപരമായ ദുഃഖങ്ങളെ അതിജയിക്കുന്നു. എന്നാൽ വ്യക്തിപരമായ സന്തോഷത്തിന് സമൂഹത്തിന്റെ വേദനകളെ മറികടക്കാനാവില്ല. സമുദായാംഗങ്ങൾക്കിടയിൽ പെരുന്നാൾ ഇപ്രകാരം സാമൂഹികബോധം വളർത്തുന്നു.

സാമൂഹികമായ ആനന്ദത്തിന്റെയും ആഹ്ലാദത്തിന്റെയും ഈ ദിനത്തിൽ പട്ടിണികൊണ്ടും ദാരിദ്ര്യം കൊണ്ടും ആരും ദുഃഖിക്കാൻ ഇടവരാതിരിക്കാൻ ഫിത്വ്ർ സകാത്തിലൂടെ ഇസ്‌ലാം പ്രത്യേക സംവിധാനമൊരുക്കിയിരിക്കുന്നു. പാവങ്ങളെ പെരുന്നാൾ ദിവസം യാചിക്കേണ്ടതില്ലാത്തവിധംസ്വയംപര്യാപ്തരാക്കണമെന്ന് നബി(സ) കൽപിച്ചിട്ടുണ്ട്. മുസ്‌ലിംസമൂഹത്തിലെ ബഹുഭൂരിഭാഗത്തിന്റെയും മേൽ നിർബന്ധബാധ്യതയായി ചുമത്തിയ ഫിത്വ്ർ സകാത്തിലൂടെ ഇത് സാക്ഷാത്കരിക്കപ്പെടുന്നു. ഐഹിക ദാനധർമങ്ങളുടെ ദിനം കൂടിയാണ് പെരുന്നാൾ. ധാരാളമായി ദാനം ചെയ്യാൻ നബി(സ) പെരുന്നാൾ ദിവസം പ്രത്യേകം നിർദേശിച്ചിരുന്നു. തനിക്കുള്ളത് മറ്റുള്ളവർക്കു കൂടി നൽകുന്ന സംസ്കാരമാണ് ഈദ് പഠിപ്പിക്കുന്നത്. സകാത്ത് നൽകാൻ ബാധ്യതയില്ലാത്തവരിൽ വലിയൊരു വിഭാഗം നിർബന്ധമായും ഫിത്വ്ർ സകാത്ത് നൽകേണ്ടതിനാൽ അവർക്കും ഈ സംസ്കാരം പകർന്നു കിട്ടുന്നു. അതോടൊപ്പം ദാനം നൽകുന്നതിന്റെ ആനന്ദവും അനുഭൂതിയും പാവപ്പെട്ടവർക്കും അനുഭവിക്കാൻ സാധിക്കുന്നു.

പെരുന്നാൾ കൂട്ടായ്മയുടെ ആഹ്ലാദവും പുണ്യവും എല്ലാവർക്കും ലഭിക്കാൻ വേണ്ടിയാണ് വൃദ്ധരോടും കുട്ടികളോടും സ്ത്രീകളോടും പുരുഷന്മാരോടുമെല്ലാം ഈദ്ഗാഹിലേക്ക് പുറപ്പെടാൻ കൽപിച്ചിട്ടുള്ളത്. ഒറ്റക്കും ചെറു സംഘങ്ങളായും തക്ബീർ ചൊല്ലി പുറപ്പെടുകയും ഒന്നിച്ച് നമസ്കരിക്കുകയും ചെയ്യുന്ന വിശ്വാസികൾ ഇസ്‌ലാമിക ഐക്യവും സാഹോദര്യവുമാണ് വിളംബരം ചെയ്യുന്നത്. ഇസ്‌ലാമിക സമൂഹത്തിന്റെ കരുത്തും ശക്തിയും അതിൽ പ്രതിഫലിക്കുകയും ചെയ്യുന്നു. ഈദുൽ ഫിത്വ്ർ ദിവസം മലക്കുകൾ വിശ്വാസികളെ ഇങ്ങനെ ആഹ്വാനം ചെയ്തുകൊണ്ടിരിക്കും എന്ന് ത്വബറാനി റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ വന്നിട്ടുണ്ട്: “മുസ്‌ലിം സമൂഹമേ, അനുഗ്രഹം ചൊരിയുകയും മഹത്തായ പ്രതിഫലം നൽകുകയും ചെയ്യുന്ന അത്യുദാരനായ നാഥനിലേക്ക് നി

## ഫിത്വ്ർ സകാത്ത്

**റമദാൻ** പൂർത്തിയാകുന്നതോടെ നിർബന്ധമായിത്തീരുന്ന ദാനമാണ് സകാത്തുൽ ഫിത്വ്ർ. നോമ്പിൽ സംഭവിക്കുന്ന പോരായ്മകൾ പരിഹരിക്കാനും പാവങ്ങൾക്കും സാധുക്കൾക്കും പ്രയാസപ്പെടാതെ പെരുന്നാൾ ആഘോഷിക്കാനുമാണ് ഈ നിർബന്ധ ദാനം നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. പെരുന്നാൾ നമസ്കാരത്തിനു മുമ്പായി അത് കൊടുത്തുവീട്ടേണ്ടതുണ്ട്.

പെരുന്നാൾ ദിവസത്തെ രാവിലും പകലിലുമായി തനിക്കും താൻ നിർബന്ധമായും ചെലവ് നൽകേണ്ട ആശ്രിതർക്കും വേണ്ട മിതമായ ആഹാരത്തിനു പുറമെ മിച്ചമുള്ളവരെല്ലാം ഈ സകാത്ത് നൽകാൻ ബാധ്യസ്ഥരാണ്. കുടുംബനാഥൻ തനിക്കും മാതാപിതാക്കൾ, ഭാര്യ, മക്കൾ, വേലക്കാർ തുടങ്ങിയ ആശ്രിതർക്കും വേണ്ടി അത് കൊടുത്തുവീട്ടണം. നാട്ടിലെ മുഖ്യാഹാരമായ എന്തും ഫിത്വ്ർ സകാത്തായി നൽകാം. കുടുംബത്തിലെ ഓരോ അംഗത്തിനുവേണ്ടിയും ഒരാൾക്ക് ഒരു സ്വാഅ് എന്ന തോതിലാണത് കൊടുത്തുവീട്ടേണ്ടത്. ഒരു സ്വാഅ് 2 കിലോ 176 ഗ്രാമാണെന്നാണ് ഡോ. യൂസുഫുൽ ഖറദാവിയുടെ വീക്ഷണം. റമദാനിലെ അവസാന ദിവസം സൂര്യാസ്തമയം വരെ ജീവിച്ചിരുന്നവർക്കും അസ്തമയത്തിനു മുമ്പായി ജനിച്ചവർക്കും വേണ്ടി സകാത്ത് കൊടുത്തുവീട്ടൽ നിർബന്ധമാണ്.

റമദാനിലെ അവസാനത്തെ പകൽ അസ്തമിച്ചതു മുതലാണ് ഫിത്വ്ർ സകാത്ത് നിർബന്ധമാകുന്നത്. പെരുന്നാൾ ദിവസം പ്രഭാതത്തോടെയാണ് നിർബന്ധമാകുന്നതെന്ന വീക്ഷണവുമുണ്ട്. പെരുന്നാൾ നമസ്കാരം കഴിഞ്ഞാലും കൊടുത്തുവീട്ടിയില്ലെങ്കിൽ ബാധ്യത നീങ്ങുകയില്ല. അതിനാൽ വൈകിയാലും അത് കൊടുത്തുവീട്ടേണ്ടതുണ്ട്. പെരുന്നാളിന്റെ ഒന്നോ രണ്ടോ ദിവസം മുമ്പ് കൊടുക്കൽ അനുവദനീയമാണെന്നാണ് പണ്ഡിതന്മാരുടെ ഏകോപിതാഭിപ്രായം. റമദാൻ ആരംഭം മുതൽ കൊടുത്തു തുടങ്ങാമെന്ന് ഇമാം ശാഫിഈയും റമദാനു മുമ്പും കൊടുക്കാമെന്ന് ഇമാം അബൂഹനീഫയും അഭിപ്രായപ്പെട്ടിട്ടുണ്ട്. ധാന്യത്തിനു പകരം അതിന്റെ വില കൊടുത്താലും മതിയെന്നാണ് ഹനഫീ മദ്ഹബിലെ വീക്ഷണം. ഡോ. യൂസുഫുൽ ഖറദാവി പോലുള്ള ചില ആധുനിക പണ്ഡിതന്മാരും ഈ വീക്ഷണത്തെ പിന്തുണക്കുന്നു. നബി(സ)യുടെയും ഖലീഫമാരുടെയും കാലത്ത് സംഘടിതമായാണ് ഫിത്വ്ർ സകാത്തിന്റെ ശേഖരണവും വിതരണവും നടന്നിരുന്നത്. ഈ മാതൃക തന്നെയാണ് നാമും പിൻപറ്റേണ്ടത്. ■

ങ്ങൾ പ്രഭാതത്തിൽ പുറപ്പെട്ടുപോവുക. രാത്രി നമസ്കരിക്കാൻ നിങ്ങളോട് കൽപിച്ചു. നിങ്ങളത് നിർവഹിച്ചു. പകൽ നോമ്പനുഷ്ഠിക്കാനും നിങ്ങളോട് കൽപിച്ചു. നിങ്ങൾ നോമ്പനുഷ്ഠിക്കുകയും ചെയ്തു. നിങ്ങളുടെ നാഥനെ നിങ്ങൾ അനുസരിച്ചിരിക്കുന്നു. അതിനാൽ നിങ്ങൾക്കുള്ള പ്രതിഫലം സ്വീകരിച്ചുകൊള്ളുക.” പെരുന്നാൾ നമസ്കാരം നിർവഹിച്ചുമടങ്ങുന്ന വിശ്വാസികളോട് അവരുടെ പാപങ്ങൾ അല്ലാഹു പൊറുത്തിരിക്കുന്നുവെന്നും ഇന്ന് പ്രതിഫലത്തിന്റെ ദിവസമാണെന്നും മലക്കുകൾ വിളിച്ചുപറയുമെന്നും പ്രസ്തുത ഹദീസിലുണ്ട്.

കുടുംബ, അയൽപക്ക സൗഹൃദ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കപ്പെടുന്ന ദിവസമാണ് പെരുന്നാൾ. കുടുംബക്കാരും അയൽവാസികളും സുഹൃത്തുക്കളും പരസ്പരം സന്ദർശിക്കുകയും ആഹ്ലാദം പങ്കുവെക്കുകയും ചെയ്യുന്നു. സമൂഹം മുഴുവൻ ഒരൊറ്റ കുടുംബമാണെന്ന ബോധവും ശക്തിപ്പെടുന്നു. ബന്ധങ്ങളുടെ ഊഷ്മളത മുതിർന്നവരിൽനിന്ന് കുട്ടികളിലേക്കും പകരുന്നു. പുതുതലമുറയിലും ബന്ധങ്ങൾ കുറ്റിയറ്റു പോകാതിരിക്കാൻ ഇത് സഹായിക്കുന്നു.

നമസ്കാരം, തക്ബീർ, പ്രാർഥന, ദാനധർമം എന്നിവക്കൊപ്പം ഭക്ഷണം, നല്ല വസ്ത്രം, സുഗന്ധലേപനം തുടങ്ങിയവയും ഈദാഘോഷത്തിന്റെ ഭാഗം തന്നെയാണ്. ഭൂമിയിലെ നല്ല വിഭവങ്ങൾ അല്ലാഹു മനുഷ്യർക്കൊരുക്കിവെച്ചിട്ടുള്ളതാണ്. അല്ലാഹു നിഷിദ്ധമാക്കിയവ ഉപയോഗിക്കുന്നതുപോലെ തന്നെ തെറ്റാണ് അവൻ അനുവദനീയമാക്കിയവ സ്വയം നിഷിദ്ധമാക്കി ഉപേക്ഷിക്കുന്നതും. താൻ സൃഷ്ടിച്ചവയിൽ ഏതാണ് മനുഷ്യർക്ക് അനുവദനീയമെന്നും ഏതാണ് നിഷിദ്ധമെന്നും നിർണയിക്കാനുള്ള അല്ലാഹുവിന്റെ അധികാരത്തിൽ കൈകടത്തൽ കൂടിയാണത്: “ചോദിക്കുക: അല്ലാഹു തന്റെ ദാസന്മാർക്കായി ഉൽപാദിപ്പിച്ച അലങ്കാരങ്ങളെ നിഷിദ്ധമാക്കുകയും ദൈവികദാനമായ ഉത്തമ വിഭവങ്ങളെ വിലക്കുകയും ചെയ്തവനാര്? പറയുക: ഈ വിഭവങ്ങളെല്ലാം ഭൗതികജീവിതത്തിൽ വിശ്വാസികൾക്കുള്ളതാകുന്നു. അന്ത്യനാളിലോ അവ അവർക്കു മാത്രമുള്ളതായിരിക്കും” (*അൽഅഅ്റാഫ്* 32). ജീവിതത്തിന്റെ വ്യക്തിപരവും സാമൂഹികവും ആത്മീയവും ഭൗതികവുമായ സർവതലങ്ങളും അല്ലാഹുവിന് സമർപ്പിച്ചിരിക്കുന്നുവെന്നാണ് വിശ്വാസി ഈദിലൂടെ പ്രഖ്യാപിക്കുന്നത്.

പെരുന്നാൾ ആഘോഷിക്കാനുള്ളതാണ്. അത് ആഘോഷിക്കുക തന്നെ വേണം. ആരാധനാകർമങ്ങൾ പോലെ ഈ ആഘോഷവും ദീനിന്റെ ഭാഗമാണ്. നബി(സ) ഹിജ്റ ചെയ്ത് മദീനയിലെത്തിയ കാലത്ത് മദീനാവാസികൾക്കിടയിൽ രണ്ട് ജാഹിലീ വാർഷികാഘോഷങ്ങൾ നിലനിന്നിരുന്നു. ‘അല്ലാഹു നിങ്ങൾക്ക് അവയേക്കാൾ നല്ല രണ്ട് ആഘോഷങ്ങൾ നൽകിയിരിക്കുന്നു; ഈദുൽ ഫിത്വ്റും ഈദുൽ അദ്ഹായും’ എന്ന് പറഞ്ഞ് റസൂൽ(സ) ജാഹിലീ ആഘോഷങ്ങൾ വിലക്കുകയും ഇസ്‌ലാമിന്റെ ആഘോഷങ്ങൾ പരിചയപ്പെടുത്തുകയും ചെയ്തു. അന്നു മുതൽ മുസ്‌ലിംകൾ ഈദ് ആഘോഷിച്ചുവരുന്നു. ഈ രണ്ട് സാമൂഹികാഘോഷങ്ങളാണ് ഇസ്‌ലാമിലുള്ളത്. അവ ആഘോഷിക്കേണ്ടതും നബി(സ)യുടെ മാതൃക പിൻപറ്റിക്കൊണ്ടായിരിക്കണം. നോമ്പ് കഴിയുന്നതോടെ ഇനി എന്തുമാവാം എന്ന ധാരണയിൽ റമദാനിൽ നേടിയ നന്മകളെല്ലാം കളഞ്ഞുകുളിക്കുന്ന ചിലരെങ്കിലുമുണ്ട്. നോമ്പിന്റെയോ പെരുന്നാളിന്റെയോ പൊരുളും സന്ദേശവും അവർ മനസ്സിലാക്കുകയോ ഉൾക്കൊള്ളുകയോ ചെയ്തിട്ടില്ലെന്നാണ് കരുതേണ്ടത്. ആത്മനിയന്ത്രണമാണ് നോമ്പിലൂടെ ആർജിച്ചെടുക്കേണ്ട സുപ്രധാന ഗുണങ്ങളിലൊന്ന്. എല്ലാ നിയന്ത്രണങ്ങളും വിട്ട് ജാഹിലിയ്യാ രീതിയിലാണ് ഒരാൾ ഈദ് ആഘോഷിക്കുന്നതെങ്കിൽ നോമ്പ് അയാളെ ഒട്ടും സ്വാധീനിച്ചിട്ടില്ലെന്നു വ്യക്തം. കേവലം പട്ടിണി കിടക്കലോ വിശപ്പ് അനുഭവിക്കലോ അല്ല നോമ്പ്. അങ്ങനെയായിരുന്നുവെങ്കിൽ ദാരിദ്ര്യത്തിലും പട്ടിണിയിലും കഴിയുന്നവർക്ക് നോമ്പിൽനിന്ന് ഇളവ് നൽകേണ്ടതായിരുന്നു. നോമ്പിലൂടെ ആർജിക്കുന്ന ഗുണങ്ങളാണ് പ്രധാനം. അവ ജീവിതത്തിൽനിന്ന് ഒരു ദിവസം കൊണ്ടുതന്നെ ചോർന്നുപോകേണ്ടവയല്ല; എന്നെന്നും നിലനിൽക്കേണ്ടവയാണ്. ഈ ചൈതന്യം ഉൾക്കൊണ്ട് നോമ്പ് അനുഷ്ഠിക്കുന്നവർക്കേ ശരിയാംവിധം പെരുന്നാൾ ആഘോഷിക്കാൻ കഴിയൂ. അവർക്കേ അത് ആഘോഷിക്കാൻ അവകാശവുമുള്ളൂ.

ആഘോഷത്തിൽ അനുവദനീയതയുടെ പരിധിവിടാത്ത രീതിയിൽ കലാകായിക പരിപാടികളും മത്സരങ്ങളുമെല്ലാം ആകാവുന്നതാണ്. പെരുന്നാൾ ദിവസം നബി(സ)യുടെ സാന്നിധ്യത്തിൽ പെൺകുട്ടികൾ പാട്ടുപാടിയതും അബ്സീനിയൻ സംഘം കായിക വിനോദത്തിലേർപ്പെട്ടതും പ്രസിദ്ധമാണല്ലോ. ഇസ്‌ലാമിലില്ലാത്ത മറ്റു പല ആഘോഷങ്ങളും സജീവമായി കൊണ്ടാടാറുള്ള മുസ്‌ലിം സമുദായം പെരുന്നാളുകൾ വരുമ്പോൾ നിസ്സംഗരായിരിക്കുന്നതാണ് സാധാരണ കണ്ടുവരാറുള്ളത്. അനുവദനീയമായ ആഘോഷങ്ങൾക്ക് അവസരമില്ലാത്തതു കൊണ്ടുകൂടിയാണ് ചില ചെറുപ്പക്കാർ നിഷിദ്ധങ്ങളിലൂടെ പെരുന്നാൾ ആഘോഷിക്കാൻ മുതിരുന്നത്. സദാചാരപരിധി ലംഘിക്കാത്ത ആകർഷകമായ ആഘോഷ പരിപാടികൾ സംഘടിപ്പിക്കാൻ മുസ്‌ലിം കൂട്ടായ്മകളും വേദികളും തയാറാവുകയാണെങ്കിൽ തെറ്റായ പ്രവണതകൾക്ക് കുറേയൊക്കെ തടയിടാൻ കഴിയും.

പെരുന്നാളിന്റെ ചൈതന്യവും പൊരുളും വിസ്മരിക്കുകയും അവഗണിക്കുകയും ചെയ്യുമ്പോഴാണ് അത് കേവലമൊരു ആചാരമായിത്തീരുന്നതും വ്യക്തികൾക്കും സമൂഹത്തിനും അതിന്റെ നന്മകൾ അപ്രാപ്യമാകുന്നതും. പെരുന്നാൾ സന്ദേശത്തിന്റെ വെളിച്ചം മുസ്‌ലിംകളുടെ മനസ്സിലേക്കും ജീവിതത്തിലേക്കും പ്രസരിക്കുമ്പോഴേ ഈ വിശുദ്ധമായ ആഘോഷത്തിന്റെ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുകയും അതിന്റെ കരുത്തും ശേഷിയും പ്രകടമാവുകയുമുള്ളൂ. ഈ വസ്തുതയാണ് ഡോ. മുസ്ത്വഫസ്സിബാഈ ഇങ്ങനെ പ്രകടിപ്പിച്ചത്: “പെരുന്നാളിൽ മുസ്‌ലിംകളുടെ നാവുകൾ തക്ബീർ ചൊല്ലുന്നതുപോലെ അവരുടെ ഹൃദയങ്ങൾ കൂടി തക്ബീർ ചൊല്ലിയിരുന്നുവെങ്കിൽ ചരിത്രത്തെ അവർക്ക് മാറ്റിത്തിരുത്താൻ സാധിക്കുമായിരുന്നു. പെരുന്നാൾ നമസ്കാരത്തിന് ഒന്നിച്ചുനിൽക്കുന്നതുപോലെ എപ്പോഴും അവർ ഒന്നിച്ചുനിന്നിരുന്നുവെങ്കിൽ ശത്രുസേനകളെ അവർ പരാജയപ്പെടുത്തുമായിരുന്നു. പരസ്പരം കൈ കൊടുക്കുന്നതുപോലെ അവർ മനസ്സുകൾ കൂടി പരസ്പരം നൽകിയിരുന്നുവെങ്കിൽ അനൈക്യത്തിന്റെ പ്രേരകങ്ങളെ തകർത്തെറിയാൻ കഴിയുമായിരുന്നു. ചുണ്ടുകൾ പുഞ്ചിരിക്കുന്നതുപോലെ അവരുടെ മനസ്സുകൾ കൂടി ചിരിതൂകിയിരുന്നുവെങ്കിൽ അവർ ആകാശത്തെ മാലാഖമാർക്കൊപ്പമായിത്തീരുമായിരുന്നു. കാലികളെ ബലിയറുക്കുന്നപോലെ അവർ തങ്ങളുടെ അഹന്തകളെ കൂടി ബലിയറുത്തിരുന്നുവെങ്കിൽ എന്നും അവർക്ക് പെരുന്നാളാകുമായിരുന്നു. മേത്തരം വസ്ത്രങ്ങൾ ധരിക്കുന്നതുപോലെ ഉത്കൃഷ്ട സ്വഭാവങ്ങൾ കൂടി അവർ അണിഞ്ഞിരുന്നുവെങ്കിൽ ഭൂമുഖത്തെ ഏറ്റവും മനോഹരമായ ജനത അവരായിത്തീരുമായിരുന്നു.” ■